തുഞ്ചത്തെഴുത്തച്ഛൻ
**മലയാളസർവകലാശാല**
വാക്കാട് പി.ഒ., തിരൂർ, മലപ്പുറം - 676 502

Break the chain

**സംഗ്രഹം**

തുഞ്ചത്ത് എഴുത്തച്ഛൻ മലയാള സർവകലാശാല - കാലാവധി പൂർത്തിയാക്കിയ ഗവേഷണ കൗൺസിൽ പുനഃസംഘടിപ്പിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**വൈസ് ചാൻസലറുടെ കാര്യാലയം**

**നമ്പർ: 225/2015/വി.സി./വാള്യം - II** **തീയതി, തിരൂർ: 31-12-2020**

---

പരാമർശം: (1) 21.08.2018 ലെ ഇതേ നമ്പർ സർവകലാശാല ഉത്തരവ്

(2) 21.12.2020ലെ ബഹു: ചാൻസലറുടെ കാര്യാലയത്തിൽ നിന്നുള്ള പ്രിൻസിപ്പൽ സെക്രട്ടറിയുടെ GS 5-3111/2020 എന്ന നമ്പർ കത്ത്.

(3) 30.12.2020ലെ 117/2015/വി.സി എന്ന നമ്പർ സർവകലാശാല ഉത്തരവ്.

**ഉത്തരവ്**

പരാമർശം (1) പ്രകാരം, രൂപികരിക്കപ്പെട്ട തുഞ്ചത്ത് എഴുത്തച്ഛൻ മലയാള സർവകലാശാലയുടെ ഗവേഷണ കൗൺസിലിന്റെ കാലാവധി 2020 ആഗസ്റ്റ് 20നു പൂർത്തിയാക്കിയതിനാൽ ഗവേഷണ കൗൺസിൽ പുനഃസംഘടിപ്പിക്കേണ്ടതുണ്ട്.

2013 ലെ തുഞ്ചത്ത് എഴുത്തച്ഛൻ മലയാള സർവകലാശാല നിയമം 18(1), 19 (1,2) എന്നീ വകുപ്പുകൾ പ്രകാരം വൈസ് ചാൻസലർ അദ്ധ്യക്ഷനായി വിവിധ ഫാക്കൽറ്റികളുടെ ഡീൻമാർ, വിവിധ സ്കൂളുകളുടെ ഡയറക്ടർമാർ, ബഹു ചാൻസലർ നാമനിർദ്ദേശം ചെയ്യുന്ന പ്രഗത്ഭരും സമുന്നതരുമായ ആറു പ്രൊഫസർമാർ എന്നിവർ അടങ്ങുന്നതാണ് സർവകലാശാലയുടെ ഗവേഷണ കൗൺസിൽ. പ്രസ്തുത നിയമത്തിലെ വകുപ്പ് 19 (2) പ്രകാരം നാമനിർദ്ദേശം ചെയ്യപ്പെടുന്ന ആറു (6) പേരിൽ, സാഹിത്യം, സംസ്കാരം, മാധ്യമം എന്നീ വിശാല മേഖലകളെ പ്രതിനിധാനം ചെയ്യുന്ന മൂന്നു (3) പേരെ ഗവേഷണ കൗൺസിലിന്റെ വൈസ് ചെയർമാൻമാരായി ബഹു. ചാൻസലർ നാമനിർദ്ദേശം ചെയ്യേണ്ടതാണ്.

പരാമർശം (2) പ്രകാരം, പ്രഗത്ഭരും സമുന്നതരുമായ ആറു പ്രൊഫസർമാരെയും അവരിൽ നിന്ന് സാഹിത്യം, സംസ്കാരം, മാധ്യമം എന്നീ വിശാലമേഖലകളെ പ്രതിനിധാനം ചെയ്യുന്ന മൂന്ന് പേരേയും കൗൺസിലിന്റെ വൈസ് ചെയർമാന്മാരായും ബഹു: ചാൻസലർ നാമനിർദ്ദേശം ചെയ്തിട്ടുണ്ട്.

പരാമർശം (3) പ്രകാരം തുഞ്ചത്ത് എഴുത്തച്ഛൻ മലയാള സർവകലാശാല പഠന സ്കൂളുകളിലെ വകുപ്പ് അദ്ധ്യക്ഷന്മാരെ സ്കൂൾ ഡയറക്ടർമാരായി നിയോഗിച്ചുകൊണ്ടു ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതാണ്.

മുകളിൽ വിവരിച്ച വസ്തുതകൾ വിശദമായി പരിശോധിച്ചതിന്റെ വെളിച്ചത്തിൽ 2013 ലെ തുഞ്ചത്ത് എഴുത്തച്ഛൻ മലയാള സർവകലാശാല നിയമം 18 (1), 19 (1,2) എന്നീ വകുപ്പുകളിൽ അനുശാസിക്കുന്ന വിധം തുഞ്ചത്ത് എഴുത്തച്ഛൻ മലയാള സർവകലാശാലയുടെ ഗവേഷണ കൗൺസിൽ താഴെപറയും വിധം പുനഃസംഘടിപ്പിച്ചു കൊണ്ട് ബഹു. വൈസ് ചാൻസലർ ഉത്തരവായിട്ടുണ്ട്.

1. വൈസ് ചാൻസലർ (ചെയർമാൻ)
2. ഡോ. ടി. ബി. വേണുഗോപാലപണിക്കർ (ഡീൻ, മലയാളഭാഷാപഠന ഫാക്കൽറ്റി)
3. ഡോ. സി. പി. അച്യുതനുണ്ണി (ഡീൻ, സാഹിത്യ ഫാക്കൽറ്റി)
4. കലാമണ്ഡലം ഹൈമവതി (ഡീൻ, കലാ ഫാക്കൽറ്റി)
5. ഡോ. എം.ആർ. രാഘവവാരിയർ (ഡീൻ, പൈതൃകപഠന ഫാക്കൽറ്റി)

(തുടർച്ച......2)

6. ഡോ. കെ.ജി. പൗലോസ് (ഡീൻ, പാരമ്പര്യവിജ്ഞാന സമ്പ്രദായ ഫാക്കൽറ്റി)
7. ഡോ. കർണമഹാരാജൻ (ഡീൻ, മാധ്യമ ഫാക്കൽറ്റി)
8. ഡോ. പി.കെ. പോക്കർ (ഡീൻ, സാമൂഹ്യശാസ്ത്ര ഫാക്കൽറ്റി)
9. ഡയറക്ടർ ഭാഷാശാസ്ത്രപഠന സ്കൂൾ
10. ഡയറക്ടർ സാഹിത്യപഠനസ്കൂൾ
11. ഡയറക്ടർ സാഹിത്യരചന സ്കൂൾ
12. ഡയറക്ടർ മാധ്യമപഠന സ്കൂൾ
13. ഡയറക്ടർ ചരിത്രപഠന സ്കൂൾ
14. ഡയറക്ടർ സംസ്കാരപൈതൃകപഠന സ്കൂൾ
15. ഡയറക്ടർ സോഷ്യോളജി സ്കൂൾ
16. ഡയറക്ടർ പരിസ്ഥിതിപഠന സ്കൂൾ
17. ഡയറക്ടർ തദ്ദേശ വികസനപഠന സ്കൂൾ
18. ഡയറക്ടർ ചലച്ചിത്രപഠന സ്കൂൾ
19. ഡയറക്ടർ എഴുത്തച്ഛൻപഠന സ്കൂൾ
20. ഡോ. ലിസ്സി മാത്യു - പ്രൊഫ. സാഹിത്യം (വൈസ് ചെയർമാൻ, ഗവേഷണ കൗൺസിൽ)
21. ഡോ. കെ. എം. ഭരതൻ - പ്രൊഫസർ (നാടൻ കലകൾ)
22. പൊൻകുന്നം എ. എം. രാമചന്ദ്രൻ - (റിട്ട) പ്രൊഫസർ ( സംഗീതം)
23. ഡോ. സി. രാജേന്ദ്രൻ - (റിട്ട) പ്രൊഫസർ (വൈസ് ചെയർമാൻ, പാരമ്പര്യവിജ്ഞാന സമ്പ്രദായം)
24. ഡോ. ചാക്കപ്പൻ. സി. ഡി - (റിട്ട) പ്രൊഫസർ (വൈസ് ചെയർമാൻ, മാധ്യമം)

'സുകുമാരകലകൾ' എന്ന വിഭാഗത്തിൽ ബഹു. ചാൻസലർ നാമനിർദ്ദേശം ചെയ്ത ശ്രീമതി. കലാമണ്ഡലം ഹൈമവതി, 'ഡീൻ' എന്ന നിലയിൽ ഇതിൽ ഉൾപ്പെട്ടതിനാൽ ആവർത്തിച്ചിട്ടില്ല.

പുനഃസംഘടിപ്പിക്കപ്പെട്ട ഗവേഷണ കൗൺസിലിന്റെ പ്രവർത്തന കാലാവധി 2013 ലെ മലയാളസർവകലാശാല നിയമത്തിലെ അദ്ധ്യായം IX 56-ാം വകുപ്പിന് വിധേയമായിരിക്കും. 2019ലെ തുഞ്ചത്ത് എഴുത്തച്ഛൻ മലയാളസർവകലാശാലയുടെ പ്രഥമ സ്റ്റാറ്റ്യൂട്ട്സ് ഭാഗം IV അദ്ധ്യായം 9 സ്റ്റാറ്റ്യൂട്ട് (2) പ്രകാരം അദ്ധ്യക്ഷൻ ഉൾപ്പെടെ അഞ്ചു (5) പേർ അടങ്ങുന്നതായിരിക്കും അതിന്റെ ക്വാറം. യോഗത്തിൽ പങ്കെടുക്കുന്ന അംഗങ്ങൾക്ക് നിയമാനുസൃതമായ യാത്രബത്തക്കും ദിനബത്തക്കും മറ്റും അർഹതയുണ്ടായിരിക്കുന്നതാണ്. ഇതുമായി ബന്ധപ്പെട്ട ചെലവുകൾ അതത് സാമ്പത്തിക വർഷത്തെ "III അക്കാദമിക് പ്രവർത്തനങ്ങൾ (1) അക്കാദമിക് കോഴ്സുകൾ 5 പഠനബോർഡ് യോഗങ്ങൾ, സിറ്റിംഗ് ഫീസ്, താമസം, ഭക്ഷണം, യാത്രാചെലവ് മറ്റു ചെലവുകൾ" എന്ന ബജറ്റ് ശീർഷകങ്ങൾ നിന്നു വഹിക്കാവുന്നതാണ്.

മേൽ പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുന്നു.

രജിസ്ട്രാർ

എല്ലാ അംഗങ്ങൾക്കും

പകർപ്പ്:
വൈസ് ചാൻസലറുടെ കാര്യാലയം / രജിസ്ട്രാറുടെ കാര്യാലയം/
ഫിനാൻസ് ഓഫീസർ / പരീക്ഷാകൺട്രോളർ/
ജെ.ഡി, കെ.എസ്.എ.എഡി, തുഞ്ചത്ത് എഴുത്തച്ഛൻ മലയാള സർവകലാശാല/
പി.ആർ.ഒ./വെബ്സൈറ്റ് / ഓഫീസ് രേഖ / കരുതൽ രേഖ